(ബി) ഉണ്ടെങ്കിൽ കേന്ദ്ര ധനകാര്യവകുപ്പ് അറിയിച്ച ക്ലോസിംഗ് ബാലൻസ് തുക എത്രയാണ്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) 168.14 കോടി രൂപയാണ്.

കൽപാക്കം, രാമഗുണ്ടം പവ്വർ സ്റ്റേഷനുകളിൽനിന്ന് ലഭിക്കേണ്ട വൈദ്യുതി

* 177 [180] ശ്രീ. ലോനപ്പൻ നമ്പാടൻ:

,, കെ.സി.ജോസഫ്:

,, പി.എം.അബൂബക്കർ:

,, കെ.പി.എ.മജീദ്:

,, സി.ടി.അഹമ്മദ് അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപാക്കം, രാമഗുണ്ടം ആറമിക് പവ്വർ പ്ലാന്റുകളിൽ നിന്നും കേരളത്തിനുള്ള വൈദ്യുതി വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) എന്നു മുതലാണ് ഈ വൈദ്യുതി കേരളത്തിന് അനുവദിച്ചിട്ടുള്ളത്;

(സി) കേരളത്തിന് അർഹമായ വൈദ്യുതി ഇതുവരെ വാങ്ങിക്കാതിരുന്നിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ആന്ധ്ര, തമിഴ്നാട് ഗവൺമെന്റുകൾ കേരളത്തിന് നൽകുന്ന വൈദ്യുതിക്ക് നാം കൊടുക്കേണ്ട വിലയെന്താണ്?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണ പിള്ള):

(എ) കൽപ്പാക്കം അണുശക്തി നിലയത്തിൽ നിന്നും പ്രതിവർഷം 120 മില്യൻ യൂണിറ്റും (25 മെഗാവാട്ട്) രാമഗുണ്ടം താപോർജ്ജ നിലയത്തിൽ നിന്നും 360 മില്യൻ യൂണിറ്റും (66 മെഗാവാട്ട്) ആണ് കേരളത്തിനുള്ള വൈദ്യുതി വിഹിതം.

(ബി) രാമഗുണ്ടത്തിൽനിന്ന് 1985 ഏപ്രിൽ മുതലും കൽപ്പാക്കത്തുനിന്ന് 1985 നവംബർ മുതലുമാണ് കേരളത്തിന് വൈദ്യുതി അനുവദിച്ചിട്ടുള്ളത്.

(സി, ഡി) വാങ്ങാൻ സാധിച്ചിട്ടില്ല. കേന്ദ്ര കോർപ്പറേഷനായ നാഷണൽ തെർമൽ പവ്വർ കോർപ്പറേഷൻ നിർമ്മിക്കേണ്ട 400 കെ.വി. ലൈനിന്റെ പണി പൂർത്തിയാകാത്തതാണ് രാമഗുണ്ടത്തിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി കൊണ്ടുവരാനുള്ള തടസ്സം.

LIBRARY ARCHIVES Kerala Legislative Assembly

കൽപാക്കത്തുനിന്നും വൈദ്യുതി കൊണ്ടുവരാനുള്ള തടസ്സമായി തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡ് ചൂണ്ടിക്കാണിക്കുന്നത് തമിഴ് നാട്ടിൽ നിന്നുള്ള പ്രസരണ ലൈനിന്റെ ശേഷിക്കുറവാണ്.

(ഇ) ആന്ധ്രയിൽ നിന്നും വൈദ്യുതി ലഭിക്കുന്നില്ല. തമിഴ്നാട്ടിൽനിന്നുള്ള വൈദ്യുതിയുടെ വിലനിരക്ക് നിശ്ചയിച്ചിട്ടില്ല.

അരി, പഞ്ചസാര, ഗോതമ്പ് എന്നിവയുടെ സ്റ്റോക്ക്

* 178 [181] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:

,, പി. കെ. കെ. ബാവ:

,, കൊരമ്പയിൽ അഹമ്മദ് ഹാജി:

,, നാലകത്ത് സൂപ്പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ടൺ അരി, പഞ്ചസാര, ഗോതമ്പ് എന്നിവയുടെ സ്റ്റോക്കുണ്ട്;

(ബി) പഞ്ചമാസങ്ങളെ നേരിടാൻ കൂടുതൽ ക്ഷേമധാന്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണമെന്ത്?

ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) സംസ്ഥാനത്ത് ഇപ്പോൾ 2,91,249 മെട്രിക് ടൺ അരിയും 62,151 മെ. ടൺ ഗോതമ്പും സ്റ്റോക്കുണ്ട്. 1986 ജൂൺ 23-ാം തീയതിയിലെ കണക്കനുസരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പക്കൽ 14,695 ടൺ ലെവി പഞ്ചസാരയും 1,493 ടൺ ഫ്രീ സെയിൽ പഞ്ചസാരയും സ്റ്റോക്കുണ്ട്.

(ബി) ഉണ്ട്.

(സി) കേന്ദ്ര ഗവൺമെന്റ് കൂടുതൽ അരി നൽകുമെന്ന പ്രതീക്ഷിക്കുന്നു.

മൃഗശാലകളും കാഴ്ചബംഗ്ലാവുകളും

* 179 [182] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര മൃഗശാലകളും കാഴ്ചബംഗ്ലാവുകളും ഉണ്ട്;

(ബി) പുതിയത് തുടങ്ങുവാൻ ഉദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly